ബന്ധപ്പെട്ടതും, കൃഷിയുമായി ബന്ധപ്പെട്ടതുമായ പദ്ധതികൾക്കു എത്ര കോടി ഉറുപ്പിക നീക്കി വച്ചിട്ടുണ്ടെങ്കിലും അതിൽ ഒരു ഉറുപ്പികയ്ക്കും ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല എന്ന് പറഞ്ഞിട്ടുണ്ട്. എന്നു വേണമെങ്കിലും മാറ്റിയെടുക്കാൻ കളക്ടർക്ക് ഓർഡർ കൊടുത്തിട്ടുണ്ട്. ഇതിൽ ഏത് ചെക്കാണ് മാറ്റി കിട്ടാത്തത് എന്നു വച്ചാൽ എന്നോട് പറഞ്ഞാൽ അപ്പോൾ മാറ്റി തരുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: കഴിഞ്ഞ കൊല്ലത്ത് കിട്ടിയിട്ടില്ല എന്നു പറയുന്നത് ശരിയല്ല. കഴിഞ്ഞ കൊല്ലം അൻപത് ലക്ഷം കൊടുത്തു. രണ്ടു കോടി ആയിരുന്നു ഉണ്ടായിരുന്നത്. പിന്നെ അത് ട്രഷറി ബാൻ കാരണം കൊടുക്കാൻ കഴിഞ്ഞില്ല. അതും കൊടുത്തു കഴിഞ്ഞു. പൈസ കൊടുത്തു കഴിഞ്ഞത് അന്വേഷിക്കാതെയാണ് ശ്രീ. ചെന്താമരാക്ഷൻ പറയുന്നത്. ഇതിനു പുറമെ ഒരു കോടി രൂപയുടെ നെൽ വിത്ത് സൗജന്യമായിട്ട് വിതരണം ചെയ്തിരുന്നു.

(2) കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവുമൂലം വയനാട് ജില്ലയിലെ കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, വയനാട് ജില്ലയിലെ ചെറുകിട കാപ്പി, കുരുമുളക് കർഷകരുടെയും, ചെറുകിട തേയില കർഷകരുടെയും ദുരിതങ്ങൾ പതിനൊന്നാം കേരള നിയമസഭയുടെ കഴിഞ്ഞ ആറ് സമ്മേളനങ്ങളിലും ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. കാര്യമായ പരിഹാരം ഉണ്ടായിട്ടില്ല. കഴിഞ്ഞ വർഷം കാപ്പി, കുരുമുളക് കർഷകർക്ക് ഹെക്ടറിന് ആയിരം രൂപ ധനസഹായം നൽകിയിട്ടുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല. അത് ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റ് കാർഷിക കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി നൽകുന്ന ആനുകൂല്യമാണ്. പക്ഷെ കൃഷിക്കാരുടെ ദുരിതങ്ങൾ ഓരോ ദിവസം കഴിയുമ്പോഴും കൂടി വരികയാണ്. കാപ്പിക്ക് കിലോഗ്രാമിന് 130 രൂപ വരെ കിട്ടിക്കൊണ്ടിരുന്നത് 27 രൂപയായി കുറഞ്ഞു. കിലോഗ്രാമിന് 250 രൂപ വരെ കിട്ടിക്കൊണ്ടിരുന്ന കുരുമുളകിന്റെ വില 80 രൂപയായി കുറഞ്ഞു. കിലോഗ്രാമിന് കൊളിന്തിന്, പച്ച ചായ ഇലയ്ക്ക് 20 രൂപവരെ കിട്ടിക്കൊണ്ടിരുന്നത് ഇപ്പോൾ 6 രൂപയായി കുറഞ്ഞു. രണ്ടു മുതൽ ഏഴു രൂപ വരെയുള്ള ചില ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവ് ഈ അടുത്ത കാലത്ത് ഉണ്ടായിട്ടുള്ളതാണ്. കർഷകർ പലരും കടക്കെണിയിലാണ്. കടം ഈടാക്കാൻ ബാങ്കുകൾ ജപ്തി നടപടികളുമായി വരുമ്പോൾ കർഷകർ കൂട്ടായി അതിനെ തടയുകയും ചെയ്യുന്ന സംഭവങ്ങൾ ഉണ്ട്. ക്രമസമാധാന പ്രശ്നങ്ങൾക്കുകൂടി ഇത് വഴിയൊരുക്കുകയാണ്. ഉൽപ്പാദന ചിലവിന്റെ പകുതി വില പോലും കിട്ടാത്ത കാർഷിക ഉൽപ്പന്നങ്ങളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിക്കാർക്ക് ജീവിക്കാൻ കഴിയുമോ? കൃഷിക്കാർ പലരും ആത്മഹത്യയുടെ വക്കിലാണ്. ഇതിനൊക്കെ പുറമെയാണ് വരൾച്ച. ചില ഭാഗങ്ങളിൽ കുടിവെള്ളം പോലും കിട്ടാനില്ലാത്ത അവസ്ഥയാണ്. ഇപ്പോൾ കൃഷിക്കാർക്ക് ആശ്വാസം നൽകുന്നത് വാനില കൃഷിയാണ്. പച്ച വാനിലയ്ക്ക് കി. ഗ്രാമിന് 3500 രൂപയുണ്ട്. വാനില കൃഷിക്ക് ഗവൺമെന്റ് പ്രോൽസാഹനം നൽകി ഫലപ്രദമായ നടപടികൾ സ്വീകരിച്ചാൽ കുറച്ചു നാളത്തേക്കെങ്കിലും കർഷകർക്ക് പിടിച്ചുനിൽക്കാൻ കഴിയും. കേരളത്തിന്റെ സമ്പത്ഘടനയിലും ഗുണപരമായ മാറ്റങ്ങളുണ്ടാകും കാരണം വിദേശ നാണ്യം നേടിത്തരുന്ന ഏറ്റവും പ്രധാനപ്പെട്ട കാർഷിക ഉൽപ്പന്നമാണ് വാനില. പക്ഷെ വാനില തൈകൾ കിട്ടാനില്ല. കർഷകർ ഒരു മീറ്റർ നീളം വരുന്ന വാനില തണ്ട് വാങ്ങണമെങ്കിൽ 120 രൂപ കൊടുക്കണം. പാവപ്പെട്ട കർഷകർക്ക് വാങ്ങാൻ കഴിയില്ല. സബ്സിഡിയായി വാനില തൈകൾ വിതരണം ചെയ്യാനുള്ള നടപടികൾ ഉണ്ടാകണം. ഗവൺമെന്റിന് കഴിയില്ലെങ്കിൽ ചില പ്രൈവറ്റ് കമ്പനികൾ ഉണ്ട് അവരുമായി ടൈഅപ്പ് ഉണ്ടാക്കണം. പാരി കമ്പനിയുണ്ട്, ഹാരിസൺ മലയാളം കമ്പനിയുണ്ട് അവരൊക്കെ ടിഷ്യൂ കൾച്ചർ പ്ളാന്റ് ഉണ്ടാക്കുന്നുണ്ട്. വളരെ വേഗത്തിൽ വളരെ ചുരുങ്ങിയ കാലയളവിനുള്ളിൽ ടിഷ്യൂ കൾച്ചർ പ്ളാന്റ് ഉണ്ടാക്കാൻ കഴിയും. ഗവൺമെന്റ് അവരെ സമീപിച്ചാൽ പ്ളാന്റ് ഉണ്ടാക്കി കർഷകർക്ക് വിതരണം ചെയ്യാനുള്ള സംവിധാനം അവരുടെ ഭാഗത്തുനിന്ന് ഉണ്ടാകും. അത് എങ്ങനെ വേണമെന്ന് ഗവൺമെന്റ് തീരുമാനിക്കണം. വാനില കർഷകർക്ക് ആവശ്യമായ തൈകൾ കിട്ടുന്നതിന് ഫലപ്രദമായ നടപടികൾ പെട്ടെന്ന് സ്വീകരിച്ചാൽ വയനാട്ടിലെ സമ്പത്ഘടനയിൽ കുറെയെങ്കിലും മെച്ചമുണ്ടാക്കാൻ കഴിയുമെന്നുള്ളത് വസ്തുതയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി എല്ലാ കർഷകർക്കും ഹെക്ടറിന് ആയിരം രൂപ സഹായധനം കൊടുത്തപ്പോൾ രാഷ്ട്രീയ കക്ഷിഭേദമന്യേ വയനാട്ടിലെ എല്ലാ കൃഷിക്കാരും അതിനെ സ്വാഗതം ചെയ്തതാണ്. മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുമ്പോൾ കോക്കനട്ട് മാഫിയ എന്നു പറഞ്ഞതു പോലെ കാപ്പി മാഫിയ സഹായധനം തട്ടിയെടുക്കുന്നത് ഒഴിവാക്കാൻ ഗവൺമെന്റിന് കഴിഞ്ഞു. എല്ലാ രാഷ്ട്രീയ കക്ഷികളുടെയും കർഷക സംഘടനകൾ ഇതിനെ സ്വാഗതം ചെയ്തതാണ്. അതുകൊണ്ട് വയനാട്ടിൽ ദുരിതങ്ങൾ അനുഭവിക്കുന്ന കൃഷിക്കാരെ സഹായിക്കാൻ ഒരു ഹെക്ടറിന് മൂവായിരം രൂപയെങ്കിലും കൊടുക്കാൻ ഗവൺമെന്റ് തയ്യാറായാൽ ഒരു പരിധിവരെയെങ്കിലും കർഷകർക്ക് പിടിച്ചു നിൽക്കാൻ കഴിയും. അക്കാര്യത്തിൽ ഗവൺമെന്റ് ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. അതിന് വയനാട്ടിലെ കാർഷിക പ്രശ്നങ്ങൾ കർഷകർ അനുഭവിക്കുന്ന ദുരിതങ്ങൾ, ഇവയ്ക്കൊക്കെ പരിഹാര മാർഗ്ഗങ്ങൾ കാണുന്നതിന് ഇവയൊക്കെ ചർച്ച ചെയ്യുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുത്ത് അവിടുത്തെ ജന പ്രതിനിധികളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെയും വിളിച്ച് ചേർത്ത് കൃഷിക്കാരെ സഹായിക്കുന്നതിനുള്ള ഒരു പാക്കേജുണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും തയ്യാറാകണം. ധനകാര്യ മന്ത്രിയുടെ സഹായമോ, അതുപോലെ ജലസേചന വകുപ്പുമന്ത്രി, റവന്യൂ വകുപ്പ് മന്ത്രി, മുഖ്യമന്ത്രി എന്നിവരുടെ സഹായമോ ആവശ്യമാണെങ്കിൽ ബഹു. കൃഷി വകുപ്പുമന്ത്രി മുൻകയ്യെടുക്കണം. വയനാട്ടിൽ ഓരോ ദിവസം കഴിയുന്തോറും കൃഷിക്കാർ പട്ടിണിയിലേക്കും പരിവെട്ടത്തിലേക്കും പോകുകയാണ്. കർഷകർ ആത്മഹത്യയുടെ വക്കിലാണ്. അവരെ രക്ഷപ്പെടുത്തുന്നതിന്, ഗവൺമെന്റ് ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികളെടുത്തില്ലെങ്കിൽ വളരെ പ്രയാസങ്ങളും ദുരിതങ്ങളും വയനാട്ടിൽ ഉണ്ടാകും എന്നു പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജന പ്രതിനിധികളുടെയും, ഉദ്യോഗസ്ഥൻമാരുടെയും ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ഒരു പാക്കേജിന് രൂപം കൊടുക്കാൻ ഗവൺമെന്റ് മുൻകയ്യെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : സർ, വയനാട്ടിലെ പ്രധാന കൃഷികളായ കുരുമുളക്, തേയില, കാപ്പി ഇവകൾക്ക് 1999 മുതൽ വില ഇടിഞ്ഞിരിക്കുകയാണ്. കുരുമുളകിന് മാത്രം 7289 രൂപ വരെ കുറഞ്ഞത് ഇന്ന് 3100 ആയി പതിയെ പതിയെ വർദ്ധിച്ചു വരുന്നു. കഴിഞ്ഞകൊല്ലം വിലത്തകർച്ച നേരിടുന്ന കൃഷിക്കാരെ സഹായിക്കാൻ സ്പെഷ്യൽ പാക്കേജ് ഇനത്തിൽ കുരുമുളക് കൃഷിക്കാർക്കും കാപ്പി കൃഷിക്കാർക്കും പ്രത്യേകം പണം കൊടുത്തും നികുതിയിളവ് ചെയ്തും കുറച്ച് സഹായം കൊടുക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. തേയിലയ്ക്കും ഇതുവരെ കാര്യമായ വിധത്തിലുള്ള സഹായമോ അല്ലെങ്കിൽ അതിനായി വില കൂടിവരുന്നതായോ കാണാൻ കഴിഞ്ഞിട്ടില്ല. കുരുമുളക് കൃഷിക്ക് കൊടുത്ത പാക്കേജിന്റെ പണം മുഴുവൻ ചിലവായിക്കഴിഞ്ഞു. ഇഞ്ചിക്ക് ടാക്സ് ഇളവും കൊടുത്തു കഴിഞ്ഞു. കാപ്പിയുടെ പണം അല്പം ബാക്കിയുണ്ട്. വരും കൊല്ലങ്ങളിൽ ഈ കൃഷിക്ക് എന്തെങ്കിലും സഹായം ചെയ്യുവാൻ പറ്റുമോ എന്നു നോക്കാം. കാപ്പിക്ക് കോഫി ബോർഡ് ചില നടപടികളെടുത്തിട്ടുണ്ട്. കടാശ്വാസം, ഉൽപ്പാദന വർദ്ധനവിനുള്ള സഹായ പദ്ധതികൾ, അതിന്റെ തോത്, സ്പെഷ്യൽ സ്കീമിനുള്ള സഹായങ്ങൾ, അതുപോലെ തന്നെ ഡ്രൗട്ട് റിലീഫുകൾ ഇവയെ സംബന്ധിച്ച് ആവശ്യമായ നടപടികൾ എടുക്കുന്നതിന് മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ട്. ആവശ്യമായ നടപടികൾ എടുക്കുന്നതാണ്. പിന്നീടു പറഞ്ഞത് വാനില കൃഷിയാണ്. വാനില കൃഷിക്ക് ഉത്തേജനവും പ്രചരണവും അടുത്ത കാലത്താണ് തുടങ്ങിയത്. ഗവൺമെന്റിന് ഒരു സ്പെഷ്യൽ സ്കീം

LIBRARY ARCHIVES Kerala Legislative Assembly

വച്ചുകൊണ്ട് വാനില കൃഷി നടത്തുന്നതിന് ഒരു Project തയ്യാറാക്കുന്നു. പുതിയ കൃഷി എന്നുള്ള നിലയിൽ ഇന്ന് അനുഭവപ്പെടുന്നത് അതിന്റെ നടീൽ വസ്തുക്കൾ ആവശ്യത്തിന് കിട്ടുന്നില്ല എന്നുള്ളതാണ്. നടീൽ വസ്തുക്കൾ കഴക്കൂട്ടം Biotechnology Lab-ൽ നിന്നു കൊടുത്തുതുടങ്ങി. കേരളത്തിലെ കൃഷിക്കാരുടെ ഒരു പ്രത്യേകത എന്താണെന്നുവച്ചാൽ ഏതെങ്കിലും ഒരു കൃഷിക്കോ, സാധനത്തിനോ, ഉൽപ്പന്നങ്ങൾക്കോ വില കൂടുന്നു എന്നു കണ്ടാൽ എല്ലാവരും അതിന്റെ പിന്നാലെ ഓടും. ഏതായാലും ഒരു പ്ലാൻ വച്ച് ഇത്ര കാലത്തേക്ക് ഇത്ര എന്ന നിരക്കിൽ ഗവൺമെന്റ് ഒരു സ്കീം വാനിലയ്ക്ക് ഉണ്ടാക്കിയിട്ടുണ്ട്. അതിനാവശ്യമായ സഹായ പദ്ധതികളുമുണ്ട്. ഏതെങ്കിലും വിധത്തിൽ മറ്റ് ലബോറട്ടറികളിലുള്ള ടിഷ്യൂ കൾച്ചർ വഴി നല്ല സാധനങ്ങൾ ഉൽപ്പാദിപ്പിക്കത്തക്ക വിധത്തിൽ എന്തെങ്കിലും നടപടികൾ എടുക്കുന്നതിന് നോക്കാം. കൃഷിക്കാർക്ക് എന്ത് സഹായം കൊടുക്കാൻ സാധിക്കും എന്നുള്ളത് വച്ച് ഒരു സഹായ പദ്ധതി ഇറക്കിയിട്ടുണ്ട്. ടിഷ്യൂ കൾച്ചർ ഉൽപ്പന്നം കഴക്കൂട്ടത്തെ ലബോറട്ടറിയിൽ ഉൽപ്പാദിപ്പിക്കുന്നതിനും ആവശ്യമായ വിധത്തിൽ കൊടുക്കുന്നതിനും നടപടികൾ എടുക്കാൻ ശ്രമിക്കാം. കേന്ദ്ര ഗവൺമെന്റ് കൃഷിക്ക് വമ്പിച്ച സഹായ പദ്ധതികൾ പ്രഖ്യാപിച്ചതായി പത്രത്തിൽ കണ്ടു. ഏതാണ്ട് 50,000 കോടി രൂപ കൊടുത്തു കൊണ്ട് കൃഷിക്കാരെ സഹായിക്കാൻ പരിശ്രമിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. തീർച്ചയായും ഈ ഗവൺമെന്റ് കൃഷി അഭിവൃദ്ധിപ്പെടുത്താൻ പറഞ്ഞിട്ടുണ്ട്. ഉൽപ്പാദന വർദ്ധനവുണ്ടാക്കാൻ, രോഗ-പ്രതിരോധ പ്രവർത്തനങ്ങൾ നടത്താൻ ആവശ്യമായിട്ടുള്ള നടപടികൾ എടുക്കാനും വാനിലകൃഷിക്ക് സഹായകരമായ മാർക്കറ്റ് സംവിധാനം നടത്തുന്നതിനുള്ള നടപടികൾ എടുക്കുവാൻ Scheme ഉണ്ടാക്കിയിട്ടുണ്ട്. എല്ലാവിധ കൃഷിക്കാർക്കും ഏതു വിധത്തിലുള്ള സഹായം കൊടുക്കണമെന്നുള്ളത് കൂടിയാലോചിച്ച് നിയമസഭയിൽ പ്രഖ്യാപിക്കുന്നതാണ്.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ</u> : എപ്പോഴും പാക്കേജ് വരുമ്പോൾ നടപ്പിലാക്കാൻ തടസ്സമായി നിൽക്കുന്നത് സാമ്പത്തികമായ പ്രയാസങ്ങളാണ്. അപ്പോൾ വയനാട്ടിലെ കൃഷിക്കാരുടെ പ്രത്യേകമായ ദുരിതങ്ങളും പ്രയാസങ്ങളും കണക്കിലെടുത്തുകൊണ്ട് ഈ വരുന്ന ബഡ്ജറ്റിൽ ഈ കൃഷിക്കാർക്ക് പാക്കേജ് സ്കീം നടപ്പിലാക്കാൻ ആവശ്യമായിട്ടുള്ള സംഖ്യ വകയിരുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീമതി കെ. ആർ. ഗൗരിയമ്മ</u> : കൃഷിക്കാരുടെ ആവശ്യത്തിനായിട്ടുള്ള സഹായങ്ങൾ പ്രത്യേകമായി ചെയ്യുന്നുണ്ട്. ബഡ്ജറ്റിൽ എന്തൊക്കെ ചേർക്കാൻ പോകുന്നു എന്ന് നിയമസഭയിൽ പറയാൻ ഇപ്പോൾ കഴിയില്ല. ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ തീർച്ചയായും കൃഷിക്കാരെ സഹായിക്കാൻ ഒന്നാം പഞ്ചവത്സര

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയിൽ ഊന്നൽ കൊടുത്തിരുന്നതുപോലെ കൃഷിക്ക് പ്രത്യേക ഊന്നൽ കൊടുത്തുകൊണ്ട് ഈ പ്രാവശ്യത്തെ ബഡ്ജറ്റിൽ കൃഷിക്കാർക്കും, കൃഷി വികസനത്തിനും ഊന്നൽ കൊടുക്കുന്നതാണ്.

മി. സ്പീക്കർ: പ്രൊവിഷൻ ഇല്ലെങ്കിലും പ്രതിപക്ഷ നേതാവിന് ഒരു ചോദ്യം ചോദിക്കാം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ബി.എഡ്. കോളേജ് പ്രശ്നത്തിൽ സർക്കാരിനെതിരെ നടപടി .....

മി. സ്പീക്കർ : I will call you after submissions.

III സബ്മിഷൻ

(1) നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കേണ്ടതിന്റെയും പിന്നോക്ക സമുദായങ്ങൾക്കുവേണ്ടി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തേണ്ടതിന്റെയും ആവശ്യകത

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, 9-ാം കേരള നിയമസഭയിൽ ശ്രീ. നാലകത്ത് സൂപ്പി ചെയർമാനായിരുന്ന പിന്നോക്ക സമുദായക്ഷേമ സമിതിയും 10-ാം കേരള നിയമസഭയിൽ ശ്രീ. കടകംപള്ളി സുരേന്ദ്രൻ ചെയർമാനായിരുന്ന പിന്നോക്ക സമുദായക്ഷേമ സമിതിയും നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ പിന്നോക്ക സമുദായങ്ങൾക്ക് ലഭിക്കേണ്ട സംവരണം ലഭിച്ചിട്ടില്ല എന്ന് കണ്ടെത്തുകയും ഈ കുറവ് നികത്താൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ പശ്ചാത്തലത്തിലാണ് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് രണ്ടായിരാമാണ്ടിൽ ജസ്റ്റീസ് നരേന്ദ്രൻ ചെയർമാനായും, മുൻ ചീഫ് സെക്രട്ടറി ശ്രീ. കെ. ബി. രബീന്ദ്രൻ നായർ, പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ ശ്രീ. സാവൻകുട്ടി എന്നിവർ .....

മി. സ്പീക്കർ : ചരിത്രത്തിലേക്കൊന്നും പോകാതെ കാര്യം പറഞ്ഞാൽ മതി. ആകെ ഒരു മിനിട്ടാണുള്ളത്.

ഡോ. എ. നീലലോഹിതദാസൻ നാടാർ: അംഗങ്ങളുമായി ഒരു കമ്മീഷനെ നിയമിച്ചത് ആ കമ്മീഷൻ പഠനം നടത്തി വരികയായിരുന്നു. മാത്രമല്ല, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഐക്യ ജനാധിപത്യ മുന്നണി അതിന്റെ പ്രകടന പത്രികയിൽ, ഐക്യ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നാൽ പിന്നോക്ക സമുദായ

LIBRARY ARCHIVES Kerala Legislative Assembly